Draft #1 of File 71490/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 09-Apr-2021 02:12 PM - Page 1

# മഹാത്മാഗാന്ധി സർവ്വകലാശാല

71490/AC A1-2/2021/AC A 1

09.04.2021

പരിപത്രം

വിഷയം:-കേരളാ പബ്ലിക് സർവീസ് കമ്മീഷൻ പ്ലസ് ടു യോഗ്യതയുള്ളവർക്കായി നടത്തുന്ന പൊതു പ്രാഥമിക പരീക്ഷകൾക്ക് ആവശ്യമായ ക്രമീകരണങ്ങളും സഹകരണവും ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന :- 1.ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച കത്ത് നം.കെ3/17/2021/ഉ.വി.വ. ,തീയതി 08.04.2021

കേരളാ പബ്ലിക് സർവീസ് കമ്മീഷൻ, പ്ലസ് ടു യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള വിവിധ തസ്തികകളിലേക്കുള്ള പൊതു പ്രാഥമിക പരീക്ഷ രണ്ട് ഘട്ടങ്ങളിലായി 2021 ഏപ്രിൽ 10 (ശനി), ഏപ്രിൽ 18 (ഞായർ) എന്നീ ദിവസങ്ങളിൽ ഉച്ചയ്ക്ക് 01.30 PM മുതൽ 3.15 PM വരെ നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ പി.എസ്.സി. പരീക്ഷകളുടെ സുഗമമായ നടത്തിപ്പിന് പി.എസ്.സി. ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കാർ കോളേജുകൾ, എയ്ഡഡ് കോളേജുകൾ/ അൺ എയ്ഡഡ് കോളേജുകൾ എന്നിവ പി.എസ്.സി. പരീക്ഷാ കേന്ദ്രങ്ങളാക്കുവാൻ വിട്ടു നൽകുകയും ആയതിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും പൂർണ്ണമായ സഹകരണവും നൽകുകയും ചെയ്യണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും സൂചന (1) പ്രകാരം സർവ്വകലാശാലയ്ക്ക് നിർദേശം ലഭിച്ചിരിക്കുന്നു.

ആയതിനാൽ സർവ്വകലാശാലയുടെ കീഴിലുള്ള സർക്കാർ കോളേജുകൾ, എയ്ഡഡ് കോളേജുകൾ, അൺ-എയ്ഡഡ് കോളേജുകൾ എന്നിവ പി.എസ്.സി. പരീക്ഷാ കേന്ദ്രങ്ങളാക്കുന്നതിന് വിട്ടു നൽകുകയും ആയതിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ എല്ലാ തരത്തിലുള്ള ക്രമീകരണങ്ങളും പൂർണ്ണമായ സഹകരണവും നൽകുകയും ചെയ്യണമെന്ന് ബന്ധപ്പെട്ട സ്ഥാപന മേധാവികളോട് ഇതിനാൽ നിർദേശിച്ചുകൊള്ളുന്നു.

**കാഞ്ചന എൻ. നായർ**
**അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക്)**
**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്

1.അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്
2.ഗവണ്മെന്റ്/എയ്ഡഡ്/അൺ-എയ്ഡഡ് കോളേജുകൾ
3.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
5.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
6.ഓഡിറ്റ്/അക്കൗണ്ട്സ്/ ഫിനാൻസ്/ പരീക്ഷ / അക്കാദമിക് സെക്ഷനുകൾ
7.പി.ആർ.ഒ / എൻക്വയറി/ഐ.ക്യൂ.എ.സി/സിറ്റാഡ്/കണ്ടെന്റ് മാനേജ്മെന്റ് സെക്ഷനുകൾ/ യൂണിവേഴ്സിറ്റി വെബ്സൈറ്റ്
8.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം